**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4502** **19-07-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവത്ക്കരണ വിഭാഗം നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ വനവത്ക്കരണ വിഭാഗം കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ പാരിസ്ഥിതിക സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനുള്ള വൃക്ഷങ്ങളുടെ പ്രാധാന്യം പരിഗണിച്ചും ഹരിതഭംഗി വർദ്ധിപ്പിക്കുന്നതിനും വനത്തിന് പുറത്ത് വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പദ്ധതികൾ സാമൂഹ്യവനവൽക്കരണ വിഭാഗം നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാവനം, കുട്ടിവനം എന്നിവയും മറ്റ് സർക്കാർ സ്ഥാപനങ്ങളിലെ ഭൂമിയിൽ നഗരവനം, നക്ഷത്രവനം എന്നിവയും നിർമ്മിച്ചു വരുന്നു. കൂടാതെ വനത്തിന് പുറത്തുള്ള പുഴയോരങ്ങളിലും പഞ്ചായത്തിന്റെയും റവന്യൂവകുപ്പിന്റെയും അധീനതയിലുള്ള മണ്ണിടിച്ചിലിനും മണ്ണൊലിപ്പിനും സാധ്യതയുള്ള പ്രദേശങ്ങളിലും പഞ്ചായത്തിന്റെയും എൻ.എസ്.എസ്, എസ്.പി.സി.എ എന്നിവരുടെ സഹായത്തോടെയും മുളകളും മറ്റ് കാട്ടുമരത്തൈകളും വച്ചുപിടിപ്പിച്ചു വരുന്നു. കേരള സർക്കാരിന്റെ വൃക്ഷസമൃദ്ധി പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ 38 പഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ 145000 വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ചിട്ടുണ്ട്. കൂടാതെ ഹരിതകേരളം പദ്ധതിയിലൂടെ ഡിസ്ട്രിക്ട് പെർമെനെന്റ് നഴ്സറിയിൽ 60000 വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ചിട്ടുണ്ട്. 2022 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തുടങ്ങിയ വനമഹോത്സവ പരിപാടികളിൽ വൃക്ഷവൽക്കരണത്തിന് സന്നദ്ധമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജനസംഘടനകൾ, മതസ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ, മാധ്യമസ്ഥാപനങ്ങൾ മുതലായവയ്ക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും | (ബി) | 2021-22 സാമ്പത്തിക വർഷം കാസർഗോഡ് |

| | | | |
|---|---|---|---|
| | ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | | ഡിസ്ട്രിക്ട് പെർമനന്റ് നഴ്സറിയിൽ തൈ ഉൽപാദനത്തിന് ആകെ 8.81 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ വിദ്യാവനം പദ്ധതിയ്ക്കായി 1.60 ലക്ഷം രൂപ ചെലവഴിച്ചു. കുട്ടിവനം നിർമ്മിച്ച വകയിൽ 15700/- രൂപ ചെലവഴിച്ചു.നക്ഷത്ര വനം നിർമ്മിച്ച വകയിൽ 7550/- രൂപ ചെലവഴിച്ചു.<br><br>കൂടാതെ പാണ്ടിക്കണ്ടം മേഖലയിൽ പയസ്വിനി പുഴയോര സംരക്ഷണത്തിനും ആമകളുടെ സംരക്ഷണത്തിനുമായി അവബോധ ക്ലാസുകളും പയസ്വനി പുഴയിലൂടെ എൽ.എസ്.ജി.ഡി അംഗങ്ങളുമൊത്ത് ജലയാത്ര സംഘടിപ്പിക്കുകയും ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും,തദ്ദേശീയരെ ഉൾപ്പെടുത്തി മുളതൈകൾ വച്ച് പിടിപ്പിക്കുകയും ചെയ്ത പ്രവർത്തികൾക്കായി 34,021/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ